കേരള സർക്കാർ

സംഗ്രഹം

പത്താം ശമ്പള പരിഷ്കരണം - പണം കൈകാര്യം ചെയ്യുന്ന വിഭാഗം ജീവനക്കാർക്ക് അനുവദിച്ചു വന്നിരുന്ന സ്പെഷ്യൽ അലവൻസ് നിർത്തലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (അനോമലി റെക്ടിഫിക്കേഷൻ സെൽ) വകുപ്പ്

സ.ഉ.(അച്ചടി) നം.125/2017/(81)/ധന തീയതി, തിരുവനന്തപുരം, 23/09/2017

---

പരാമർശം :- സ.ഉ.(അച്ചടി) നം.07/2016/ധന തീയതി 20.01.2016.

## ഉത്തരവ്

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളവും അലവൻസുകളും പരിഷ്കരിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവിൽ പണം കൈകാര്യം ചെയ്യുന്ന ജീവനക്കാർക്ക് അനുവദിച്ചു വന്നിരുന്ന സ്പെഷ്യൽ അലവൻസിന്റെ നിരക്കുകളും പരിഷ്കരിച്ചിരുന്നു. പ്രധാനമായും ശമ്പള വിതരണത്തിനായി ട്രഷറിയിൽ നിന്നും വൻ തുക പിൻവലിച്ച് കൈകാര്യം ചെയ്യുമ്പോൾ ഉണ്ടാകാനിടയുള്ള റിസ്ക് കണക്കിലെടുത്താണ് ഇത്തരത്തിൽ ഒരു അലവൻസ് ഏർപ്പെടുത്തിയിരുന്നത്. എന്നാൽ സർക്കാരിന്റെ സാമ്പത്തിക ഇടപാടുകൾക്കു വേണ്ടി സംയോജിത ധനകാര്യ മാനേജ്മെന്റ് പദ്ധതി നടപ്പിലാക്കിയതിനു ശേഷം സർക്കാരിന്റെ ധന ഇടപാടുകളിൽ വലിയ രീതിയിലുള്ള മാറ്റം വന്നു. തത്ഫലമായി ശമ്പള ബില്ലുകളും കണ്ടിജന്റ് ബില്ലുകളും ഇപ്പോൾ പണമായി പിൻവലിക്കാതെ നേരിട്ട് ഇടപാടുകാരുടെ ബാങ്ക്/ടി.എസ്.ബി അക്കൗണ്ടുകളിലേയ്ക്ക് ഇലക്ട്രോണിക് സംവിധാനം വഴി നേരിട്ട് മാറ്റപ്പെടുകയാണ് ചെയ്യുന്നത്. അതുകൊണ്ട് സർക്കാർ ഓഫീസുകളിലെ ക്യാഷ് സെക്ഷനുകളിൽ ഇപ്പോൾ വലിയ തോതിൽ പണം കൈകാര്യം ചെയ്യുന്നില്ല. ആയതിനാൽ പണം കൈകാര്യം ചെയ്യുന്ന സെക്ഷനുകളിലെ ജീവനക്കാർക്ക് നിലവിൽ അനുവദിച്ചു വരുന്ന സ്പെഷ്യൽ അലവൻസ് ഇപ്പോൾ അപ്രസക്തമാണെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ

സർക്കാർ ഓഫീസുകളിൽ പണം കൈകാര്യം ചെയ്യുന്ന ജീവനക്കാർക്ക് നൽകിവരുന്ന സ്പെഷ്യൽ അലവൻസ് 01.04.2017 മുതൽ നിർത്തലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജി. അശോക് കുമാർ**
ജോയിന്റ് സെക്രട്ടറി(ധനകാര്യം)

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ& ഇ/ജി & എസ്.എസ്.എ)
കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ& ആർ.എസ്.എ),കേരള,
തിരുവനന്തപുരം
ഗവർണറുടെ സെക്രട്ടറി
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
ഗവൺമെന്റ് സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ
എല്ലാ വകുപ്പ തലവന്മാർക്കും ഓഫീസുകൾക്കും
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
ഡയറക്ടർ, ട്രഷറി വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
വെബ് ആന്റ് ന്യൂ മീഡിയ, വിവരവും പൊതുജന സമ്പർക്കവും വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ-373053)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ